ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ഇനം തിരിച്ചുള്ള എസ്റ്റിമേറ്റ് മുഴുവൻ തരുമ്പോഴെ അറിയാൻ കഴുകയുള്ളൂ.

ശ്രീ. പി. ആർ. മാധവൻ പിള്ള : ഇവിടെ പറഞ്ഞിട്ടുള്ളതു് ഏതു ഗവണ്മെൻറിന്റെ കണക്കനുസരിച്ചാണു് ? ഈ ഗവണ്മെൻറിന്റെ ആണോ, അതോ ട്രാവണ്മെൻറിന്റെ ആണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ ഗവണ്മെൻറിന്റെ കണക്കനുസരിച്ചാണു്.

ശ്രീ. സി. എ. മാത്യു : ഏതെല്ലാം കാര്യങ്ങൾക്കാണു് ഈ തുക ചെലവാക്കുന്നതെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ വിവരങ്ങളൊക്കെ ബഡ്ജറ്റിൽ കാണും. ഇപ്പോൾ പറഞ്ഞിട്ടുള്ള വിവരം ഡിസംബർ അവസാനം വരെയുള്ള കണക്കനുസരിച്ചാണു്.

എംപ്ലായ്മെൻറ് എക്സ്ചേയിഞ്ച്.

* 54. [3] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955 ജനുവരി മുതൽ 1955 ഡിസംബർവരെ സ്റ്റേറ്റിലുള്ള എംപ്ലായ്മെൻറ് എക്സ്ചേയിഞ്ചുകളിൽ എത്രപേർ തങ്ങളുടെ പേരുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു് ;

(ബി) അതിൽ എത്രപേർക്കു് ജോലി കൊടുക്കുവാൻ സാധിച്ചിട്ടുണ്ടു് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) 1955 ജനുവരി മുതൽ ഡിസംബർവരെ സംസ്ഥാനത്തുള്ള എംപ്ലായ്മെൻറ് എക്സ്ചേയിഞ്ചുകളിൽ 43,223 ആളുകളുടെ പേരുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്.

(ബി) അതിൽ 5978 പേർക്കു് ജോലി കൊടുക്കാൻ സാധിച്ചിട്ടുണ്ടു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : എംപ്ലായ്മെൻറ് എക്സ്ചേഞ്ചുകളിൽ സീനിയോറിറ്റി അനുസരിച്ചാണോ ജോലിക്കു് എടുക്കുന്നതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : സ്ട്രിക്ട് സീനിയോറിറ്റി അനുസരിച്ചായിരിക്കുകയില്ല. പല കായ്ക്കും കുറച്ചു് ആളുകളെ എടുക്കും. കല്ലാശാരിവേലയ്ക്കും മരാശാരി വേലയ്ക്കും മറ്റും ആളുകളെ ആവശ്യപ്പെടും. അപ്പോൾ കൃത്യമായി സീനിയോറിറ്റി നോക്കി നിയമിക്കുവാൻ സാധ്യമായിരിക്കുകയില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : എംപ്ലായ്മെൻറ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്യാൻ ചെല്ലുമ്പോൾ അവരുടെ പേരു് രജിസ്റ്റർ ചെയ്യാതെ ചിറ്റ കൊടുത്തയയ്ക്കുകയാണു് പതിവു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ : വളരെ അധികം ആളുകൾ. അവിടെ പേരു് രജിസ്റ്റർചെയ്യാൻ ചെല്ലും. ഓരോ സ്ഥലത്തും ഉള്ളവർ ഇന്നയിന്ന ദിവസം അവിടെ ചെല്ലണമെന്നു് വ്യവസ്ഥ ചെയ്തിരിക്കും. അതുകൊണ്ടു ചെല്ലുന്ന എല്ലാവരുടേയും പേരുകൾ ഉടനെ രജിസ്റ്റർചെയ്യാൻ സാധിച്ചു എന്നു വരികയില്ല. അപ്പോൾ ചിറവു് ഒഴിഞ്ഞുകിടക്കുകയില്ലല്ലോ.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : അത്രയും മുതലുള്ള ആളുകൾ ഇവിടെ ഉള്ള എംപ്ലോയ്മെൻറു് എക്സ്ചേയിഞ്ചു് ആഫീസിൽ വന്നാൽ അവരുടെ പേരു രജിസ്റ്റർ ചെയ്യുന്നതിനു മുമ്പിനെയും കുറെ അധികം ദിവസങ്ങൾ കഴിഞ്ഞു വരണം എന്നു പറയുന്നതു കഷ്ടമല്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : താമസവും വിഷമവും ഉണ്ടെന്നു കണ്ടാൽ പരിഹരിക്കുന്നതാണു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : എംപ്ലോയ്മെൻറു് എക്സ്ചേയിഞ്ചു് ആഫീസിൽ വേണ്ടത്ര സ്റ്റാഫ് ഇല്ലാത്തതാണു് ഈ താമസത്തിനു കാരണമെന്നു പരാതിയുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ പരാതിയുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എം. വി. ചെറിയാൻ : ഓരോ ഡിപ്പാർട്ടുമെൻറിലും ഉള്ള കണ്ടിൻജൻസിജീവനക്കാരെ തിരഞ്ഞെടുക്കുന്നതു് എംപ്ലോയ്മെൻറു് എക്സ്ചേയിഞ്ചു മുഖേനയാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതെ.

ശ്രീ. എം. വി. ചെറിയാൻ : അങ്ങനെ തിരഞ്ഞെടുക്കുകയല്ല അവിടെ നിയമിക്കുന്നതെന്നു പരാതി കിട്ടിയിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കുറെ മുമ്പു് അങ്ങനെ പരാതി ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ എംപ്ലോയ്മെൻറു് എക്സ്ചേയിഞ്ചുമുഖേനയാണു് അവരെ തിരഞ്ഞെടുത്തു നിയമിക്കുന്നതു്.

ശ്രീ. എ. എ. ഡി. ലൂയിസു് : എംപ്ലോയ്മെൻറു് എക്സ്ചേയിഞ്ചു് ഉദ്യോഗസ്ഥന്മാരുടെ പേരിൽ അവർ നടത്തുന്ന നിയമനങ്ങളെ സംബന്ധിച്ചു് എന്തെങ്കിലും പരാതി ഉണ്ടായിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : നിയമനം നടത്തുന്നതു് എംപ്ലോയ്മെൻറു് എക്സ്ചേയിഞ്ചിൽ നിന്നല്ല. ഓരോ തൊഴിലിനും പറഞ്ഞ ആളുടെ ഒരു ലിസ്റ്റു് എംപ്ലോയ്മെൻറു് എക്സ്ചേയിഞ്ചുകാർ അയച്ചുകൊടുക്കുന്നതേയുള്ളൂ. ആ ലിസ്റ്റിൽനിന്നു് ആവശ്യക്കാർ നിയമനം നടത്തുകയാണു ചെയ്യുന്നതു്.

ശ്രീ. എ. എ. ഡി. ലൂയിസു് : എംപ്ലോയ്മെൻറു് എക്സ്ചേയിഞ്ചു് ആഫീസിന്റെ പേരിൽ എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കിട്ടിയിട്ടുള്ളതായി തോന്നുന്നില്ല. ഉണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. പ്രാക്കുളം ഭാസി : കൊല്ലത്തു പുതിയതായി ഒരു എംപ്ലോയ്മെൻറ് എക്സ്ചേയിഞ്ച് ആഫീസ് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അടുത്തുതന്നെ അവിടെ സ്ഥാപിക്കുവാൻ ഇടയുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : അതിന്റെ പ്രവർത്തനം കേന്ദ്രഗവണ്മെൻറ് ഏറ്റെടുക്കാൻ പോകുന്നു എന്നു പറയുന്നതു് ശരിയാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ശരിയല്ല.

ട്രാൻസ്പോർട്ട് അന്വേഷണ കമ്മിഷൻ.

* 55. [4] ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ട്രാൻസ്പോർട്ട് അന്വേഷണക്കമ്മിഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) മാർച്ചുമാസത്തിൽ പ്രസിദ്ധപ്പെടുത്തേണ്ടതായിരുന്ന റിപ്പോർട്ട് ഇതുവരെ അമാന്തിച്ചതെന്താണു്;

(സി) റിപ്പോർട്ടിന്റെ പകർപ്പു് ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയനു് അയച്ചുകൊടുക്കാൻ ഏർപ്പാടുചെയ്യുമോ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഉണ്ടു്.

(ബി) കമ്മിഷന്റെ അന്വേഷണപരിധി ഉദ്ദേശിച്ചതിലും വിപുലമാക്കേണ്ടിവന്നതുകൊണ്ടാണു് നിർദ്ദിഷ്ട സമയത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ സാധിക്കാഞ്ഞതു്.

(സി) അതെക്കുറിച്ചു് ഇപ്പോൾ ഒന്നും തീരുമാനിച്ചിട്ടില്ല.

ശ്രീ. പി. ഗോപാലൻ : ഈ കമ്മീഷനെ നിയമിച്ചതെന്നാണു്?

ശ്രീ. കെ. ഐ വേലായുധൻ : 30-10-54-ൽ.

ശ്രീ. പി. ഗോപാലൻ : കമ്മീഷൻ റിപ്പോർട്ടു് എന്നു സമർപ്പിക്കണമെന്നാണു് ഗവണ്മെൻറ് ആവശ്യപ്പെട്ടിരിക്കുന്നതു്?

ശ്രീ. കെ. ഐ. വേലായുധൻ : നാലുമാസത്തിനകം റിപ്പോർട്ടു് സമർപ്പിക്കണമെന്നാണു് ആദ്യം പറഞ്ഞിരുന്നതു്. എന്നാൽ അതിന്റെ കാലാവധി ഒരു കൊല്ലംവരെ നീട്ടിക്കൊടുത്തു. വിപുലമായ രീതിയിൽ അന്വേഷണം നടത്തേണ്ടതുണ്ടെന്നു കണ്ടിട്ടാണു് അപ്രകാരം കാലാവധി നീട്ടിയതു്.

ശ്രീ. കെ. സി. ജോർജ്ജ് : 'വിപുലമായ രീതിയിൽ' എന്നു പറഞ്ഞതുകൊണ്ടു് എന്താണു് ഗവണ്മെൻറുദ്ദേശിക്കുന്നതു്?

ശ്രീ. കെ. ഐ. വേലായുധൻ : നാലുമാസംകൊണ്ടു് അന്വേഷണം പൂർത്തിയാക്കാൻ കഴിയുമെന്നാണു് ഗവണ്മെൻറ് ആദ്യം വിചാരിച്ചതു്. എന്നാൽ പ്രാരംഭമായ അന്വേഷണത്തിനുശേഷം അതു സംബന്ധിച്ചു് ഡിറെക്ടിലായി അന്വേഷിക്കണമെന്നും, അതുകൊണ്ടു കാലാവധി നീട്ടേണ്ടതുണ്ടെന്നും അഭിപ്രായമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly